

# അധ്യായം 11
# സംഗീതവും സമൂഹവും

ലക്ഷ്യം: മാറ്റമില്ലാത്ത വരികൾ കേൾക്കുകയും ബദലുകൾ സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

സാമൂഹികമായി സന്ദേശങ്ങൾ നൽകാൻ സംഗീതം ഉപയോഗിക്കാം. സ്വാതന്ത്ര്യ സമരകാലത്ത് ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങളെ ഒന്നിപ്പിക്കാൻ നമ്മുടെ നേതാക്കൾ സംഗീതം ഉപയോഗിച്ചു.

## പ്രവർത്തനം 1: ഒരുമയുടെ സംഗീതം!



നമ്മുടെ ദേശീയഗാനം ഇന്ത്യയുടെ വൈവിധ്യത്തിന്റെ പ്രതിഫലനമാണ്.

നോബൽ സമ്മാന ജേതാവായ രബീന്ദ്രനാഥ് ടാഗോർ ആയിരുന്നു .കാലങ്ങളായി തുടർന്നു വരുന്ന രീതിയെ തകർത്ത് 1913 ൽസാതിത്യത്തിൽ നോബൽ നേടിയ യൂറോപ്യൻഅല്ലാത്ത ഇന്ത്യൻ .ലെസാഹിത്യത്തിനുള്ളനോബൽ സമ്മാനം നേടി. സംസ്കൃതവത്കൃത ബംഗ്ലാ ഭാഷയിലാണ് ദേശീയഗാനം ചിട്ടപ്പെടുത്തിയത്. ഇത് ഇന്ത്യയുടെ വിശാലവും വൈവിധ്യപൂർണ്ണവുമായ ഭൂമിശാസ്ത്രത്തെ ഉയർത്തി കാണിക്കുന്നു .

- ഗാനത്തിന്റെ വരികളും അർത്ഥവും മനസിലാക്കുകയും അത് ഇന്ത്യയുടെ വൈവിധ്യം എങ്ങനെ ആഘോഷിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു എന്നും മനസിലാക്കുക .
- സംഗീതസംവിധാനംഎങ്ങനെയാണ് ഗാനത്തെ ഗംഭീരമാക്കുന്നതെന്ന് വിശകലനം ചെയ്യുക.
- പാട്ട് അതിന്റെ വാക്കുകളിലൂടെയും രീതിയിലൂടെയും ഉളവാക്കുന്ന വികാരം ചർച്ച ചെയ്യുക.

## പ്രവർത്തനം 2: ഞങ്ങളുടെ വേരുകൾ

പുരാതന ഗ്രന്ഥങ്ങളായ നിങ്ങൾ കേട്ടിട്ടുണ്ടാകും, വേദങ്ങൾ, ഉപനിഷത്തുകൾ എന്നിവയെക്കുറിച്ച് നിങ്ങൾകേട്ടിട്ടുണ്ടാകും,.നാം അന്യോന്യം വ്യത്യസ്തരായിരിക്കുമ്പോഴും ദയയും സത്യസന്ധതയും സ്നേഹവുമുള്ളവരായിരിക്കാൻ അവ നമ്മെ പ്രചോദിപ്പിക്കുന്നു.

കഠോപനിഷത്തിൽ നിന്നെടുത്ത പ്രചോദനാത്മകമായ ഈ പദ്യം

0680CH11
© NCERT not to be republished

## വിപുലീകരിച്ച പ്രവർത്തനം

ഈ പാട്ടുകൾ ഏതു സ്റ്റീ രി യോ ടൈ പ്പി നെ ശക്തിപ്പെടുത്തുന്നു?

*ഗുഡിയ റാണി ബിറ്റിയ*
*റാണി പരിയോൻ കി നഗരി*
*സേ ഏക് ദിൻ രാജകുമ്പർ ജി*
*ആയേംഗെ മഹലോൻ മേൻ*
*ലേ ജായേംഗെ ?*

**പരിഭാഷ:** പാവയെ പോലെയിരിക്കുന്ന എന്റെ രാജകുമാരി, ഒരു ദിവസം നിങ്ങളുടെ രാജകുമാരൻ വരും, അവൻ നിങ്ങളെ കൊ ട്ടാ ര ത്തി ലേ ക്ക് കൊണ്ടുപോകും.

*യശോമതി മയ്യാ സേ ബോലെ*
*നന്ദലാല*
*രാധ ക്യോം ഗോരി മൈൻ*
*ക്യോം കാലാ*

**പരിഭാഷ:** നന്ദല
യശോദയോട് ചോദിച്ചു,
എന്തുകൊണ്ടാണ് ഞാൻ
ഇരുണ്ടിരിക്കുന്നത്,
എന്തുകൊണ്ടാണ് രാധ
വെളുത്തിരിക്കുന്നത്?

സ്റ്റീ രി യോ ടൈ പ്പി നെ ശ ക്തി പ്പെ ടു ത്തു ന്ന മാതൃഭാഷയിലെ ഒരുഗാനം ഓ ർ ക്കാ ത്തെ ടു ക്കാ ൻ നിങ്ങൾക്ക് കഴിയുമോ? യഥാർത്ഥ വരികൾ എഴുതുക, നിങ്ങൾ അവ എങ്ങനെ മാറ്റുമെന്ന് പങ്കിടുക.

കാണുകയും പാടാൻ പഠിക്കുകയും ചെയ്യുക . സ്വാമി വിവേകാനന്ദന്റെ പ്രിയപ്പെട്ട കവിത കൂടിയായിരുന്നു ഇത്.

### ഉത്തിഷ്ഠ ജാഗ്രത

*ഉത്തിഷ്ഠ ജാഗ്രത*
*ഉത്തിഷ്ഠ ജാഗ്രത*
*പ്രാപ്യ വരാൻ നിബോധത*
*ക്ഷുരസ്യ ധാരാ നിഷിത*
*ദുരത്യയാ, ദുർഗം പഥസ്തത്*
*കവയോ വദന്തി*

### കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുക

ഇപ്പോൾ ഈ പാട്ട് ശ്രദ്ധിക്കൂ. ഇത് എന്തു വികാരമാണ് ഉളവാക്കുന്നത്?

### പ്രവർത്തനം 3: മാറ്റമാകുക!

ഈ പാട്ട് പഠിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുക , നിങ്ങൾക്ക് എങ്ങനെ ഒരു സൂപ്പർഹീറോ ആകാനും നല്ല മാറ്റം കൊണ്ടുവരാനും കഴിയുമെന്ന് ചിന്തിക്കുക.



"എഴുന്നേൽക്കുക !
ഉണരുക !
ലക്ഷ്യത്തിലെത്തും
വരെ നിർത്തരുത് "—
സ്വാമി വിവേകാനന്ദൻ

## പ്രവർത്തനം 4: സ്റ്റീരിയോടൈപ്പുകൾ

സ്റ്റീരിയോടൈപ്പുകൾ സൃഷ്ടിക്കാനും സംഗീതം ഉപയോഗിക്കാം. സംസ്കാരം, വംശം, നിറം, ലിംഗഭേദം അല്ലെങ്കിൽ മറ്റ് ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള മുൻകൂട്ടി തീരുമാനിച്ച ആശയങ്ങളെയോ സാ മാ ന്യ വ ൽ ക്ക ര ണ ത്തെ യോ സ്റ്റീരിയോടൈപ്പുകൾ സൂചിപ്പിക്കുന്നു. പക്ഷെ നിങ്ങൾക്കത് മാറ്റാൻ കഴിയും! ഇനിപ്പറയുന്ന ഗാനത്തിലേക്ക് ശ്രദ്ധിക്കൂ , നിങ്ങൾക്ക് ഭാഷ പരിചിതമല്ലെങ്കിൽ, വിവർത്തനം വായിക്കുക:

*ബബുവാ കി മുർഗി*
*ബബുവാ കി മുർഗി ബോളേ ന*
*ബബുവാ കാ മുർഗാ കുകഡൂ കൂ*
*ബബുവാ കി മുർഗി രൂഠ് ഗയി*
*നാ മാനൂ മൈ നാ മാനൂ*
*ബബുവാ കാ മുർഗാ ക്യൂ അകഡേ?*
*ഉസ്കേ സിർ പര കല്ഗി ഹൈ*
*ജിസ്കേ സിർ പര താജ് നഹീ*
*വോ ബെചാരി മുർഗി ഹൈ.*

### പരിഭാഷ

ബാബുവയുടെ പിടക്കോഴി നിശ്ശബ്ദനായിരിക്കുന്നു , ബാബുവയുടെ പൂവൻ കോഴി കൊക്കരക്കോ കൂവി ! ബാബുവയുടെ പിടക്കോഴി ഞാൻ സമ്മതിക്കില്ല എന്ന് പറഞ്ഞ് അസ്വസ്ഥനാണ് . എന്തിനാണ് ബാബുവയുടെ പൂവൻ കോഴി തലയുയർത്തി ചുറ്റും നോക്കിയത് ? കാരണം അവൻ ഒരു ശിരോ ലങ്കാരം

© NCERT not to be republished

ധരിക്കുന്നു, പാവം പിടക്കൊഴിക്ക് അതിൽ നിന്ന് വ്യത്യസ്തമായി, കിരീടമില്ല!

മുകളിലെ പാട്ടിൽ മാറ്റം വരുത്താനുള്ള ഒരു മാർഗം ഇതാണ്:

*ബബുവാ കി മുർഗി ക്യൂം ഖുശ് ഹൈ,*
*ക്യൂം ഖുശ് ഹൈ?*
*ക്യോംകി അണ്ടാ ദേതി*
*ഹൈ, ദേതി ഹൈ!*

പരിഭാഷ: എന്തുകൊണ്ടാണ് ബാബുവയുടെ കോഴി സന്തുഷ്ടനായിരിക്കുന്നത്? കാരണം അവൾ മുട്ട കൊടുക്കുന്നു!

ആളുകളെ ഒരുമിച്ച് കൊണ്ടുവരാൻ സംഗീതം നമ്മെ സഹായിക്കുന്നു, പക്ഷേ ഇതിന് സ്റ്റീരിയോടൈപ്പുകൾ സൃഷ്ടിക്കാനും കഴിയും. നിങ്ങളെ ഉയർത്തി കാണിക്കുന്ന ഒരു പാട്ട് കണ്ടെത്തുക. അത് പഠിക്കുകയും സുഹൃത്തിനെ പഠിപ്പിക്കുകയും ചെയ്യുക. നിങ്ങളെ പ്രചോദിപ്പിക്കുന്ന പാട്ടുകളുള്ള ഒരു പുസ്തകം സൃഷ്ടിക്കുന്നത് പരിചിന്തിക്കുക.





© NCERT not to be republished